# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.234/PR/PIC/PHQ/14 Date : 06.08.2014

---

## നൂറനാട്ട് പോലീസിന്റെ ഭീകരവിരുദ്ധ പരിശീലന കേന്ദ്രം ഇന്ന് ശിലാസ്ഥാപനം (07/08/2014)

ഭീകരപ്രവര്‍ത്തനങ്ങളെയും വിധ്വംസക പ്രവര്‍ത്തനങ്ങളെയും കൂടുതല്‍ ഫലപ്രദമായി നേരിടുന്നതിനുള്ള ശേഷി വര്‍ദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കേരളപോലീസ് ഭീകരവിരുദ്ധ പരിശീലന സ്കൂള്‍ ആരംഭിക്കുന്നു. ആലപ്പുഴ ജില്ലയിലെ നൂറനാടാണ് പുതിയ പരിശീലന സ്കൂള്‍ ഒരുങ്ങുന്നത്. കേരള പോലീസിന് പ്രത്യേക പരിശീലനം ലഭിച്ച ഭീകരവിരുദ്ധ വിഭാഗവും കമാന്‍ഡോ യൂണിറ്റും ഉണ്ടെങ്കിലും അതോടൊപ്പം എല്ലാ ജില്ലകളിലും ഇത്തരം പ്രവര്‍ത്തനങ്ങളില്‍ സവിശേഷ പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ യൂണിറ്റുകള്‍ കൂടി ഉണ്ടാവേണ്ടത് ആവശ്യമാണെന്ന് കണ്ടതിനെ തുടര്‍ന്നാണ് പുതിയ സ്കൂള്‍ ആരംഭിക്കുന്നത്. സി.പി.ഒ.മാര്‍, സീനിയര്‍ സി.പി.ഒ.മാര്‍, എസ്.ഐ.മാര്‍ തുടങ്ങിയവര്‍ക്ക് ഭീകരപ്രവര്‍ത്തനവും വിധ്വംസക പ്രവര്‍ത്തനങ്ങളും നേരിടുന്നതില്‍ ആവശ്യമായ പരിശീലനം നല്‍കുക എന്നതാണ് ലക്ഷ്യം. കമാന്‍ഡോ പരിശീലനം, ഓപ്പറേഷണല്‍ ട്രെയിനിങ്, ആയുധ പരിശീലനം എന്നിവ ഇതിന്റെ ഭാഗമായി നല്‍കും. പതിനൊന്നാം പദ്ധതിയില്‍ ഉള്‍പ്പെടുത്തി സംസ്ഥാനങ്ങളില്‍ ഭീകരവിരുദ്ധ പരിശീലനത്തിനായി സ്കൂളുകള്‍ ആരംഭിക്കാന്‍ കേന്ദ്ര സര്‍ക്കാര്‍ പദ്ധതിയിട്ടിരുന്നു. ഇത്തരത്തിലുള്ള ഇരുപത്തിമൂന്ന് സ്കൂളുകള്‍ പത്ത് സംസ്ഥാനങ്ങളിലായി നിലവിലുണ്ട്. നൂറനാട്ടെ സ്കൂളിനും കേന്ദ്ര സര്‍ക്കാരില്‍ നിന്നും ധനസഹായവും, അടിസ്ഥാന സൗകര്യങ്ങള്‍, പരിശീലനം എന്നീ സഹായങ്ങളും ലഭ്യമാകുന്നതിന് പദ്ധതി സമര്‍പ്പിച്ചിട്ടുണ്ട്.

നൂറനാട് പാലമേല്‍ പഞ്ചായത്തില്‍ ഇന്ന് വൈകിട്ട് നാലിന്(07/08/2014) ആഭ്യന്തര-വിജിലന്‍സ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പരിശീലന സ്കൂളിന് തറക്കല്ലിടും. അര്‍ രാജേഷ് എം.എല്‍.എ, കൊടിക്കുന്നില്‍ സുരേഷ് എം.പി, സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രഹ്മണ്യന്‍ എ.ഡി.ജി.പിമാരായ എം.എന്‍.കൃഷ്ണമൂര്‍ത്തി, എ.ഹേമചന്ദ്രന്‍, ഡോ.ബി.സന്ധ്യ, കെ.പത്മകുമാര്‍, ആലപ്പുഴ ജില്ലാ കളക്ടര്‍ എന്‍.പത്മകുമാര്‍, ഡി.ഐ.ജി പി.വിജയന്‍, ജില്ലാ പോലീസ് മേധാവി കെ.കെ.ബാലചന്ദ്രന്‍, പാലമേല്‍ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബിജു, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം കെ.ആനന്ദവല്ലിയമ്മ, ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് രാധാമണി ആനന്ദക്കുട്ടന്‍, മറ്റപ്പള്ളി വാര്‍ഡ് അംഗം മണിയമ്മ എസ്.പിള്ള എന്നിവര്‍ പങ്കെടുക്കും.